**മധുരമായ കുട്ടികളേ - പരിധിയില്ലാത്ത ബാബയിൽ നിന്നും നിങ്ങൾ വളരെ ഉയർന്ന പഠിപ്പ് പഠിച്ചുകൊണ്ടിരിക്കുന്നു, ബുദ്ധിയിലുണ്ട്, നമ്മൾ പതിതപാവനനായ ഗോഡ്ഫാദറിന്റെ വിദ്യാർത്ഥികളാണ്, പുതിയ ലോകത്തിനു വേണ്ടി പഠിച്ചുകൊണ്ടിരിക്കുകയാണ്.**

**ചോദ്യം** - ആത്മീയ ഗവൺമെന്റിൽ നിന്നും പുരസ്കാരം ആർക്കാണ് ലഭിക്കുക?
**ഉത്തരം** - ആരാണോ വളരെയധികം പേരെ തനിക്കു സമാനമാക്കി മാറ്റാനുള്ള പുരുഷാർത്ഥം ചെയ്യുന്നത്, സേവനത്തിന്റെ തെളിവ് നൽകുന്നത്, അവർക്ക് ആത്മീയ ഗവൺമെന്റ് വളരെ വലിയ പുരസ്കാരം നൽകുന്നു. അവർ ഭാവിയിലെ 21 ജന്മത്തേക്ക് ഉയർന്ന പദവിയുടെ അധികാരിയായിത്തീരുന്നു.

**ഓംശാന്തി.** ബാബ കുട്ടികളോട് പറയുന്നു, എന്നിലൂടെ നിങ്ങൾ മധുര-മധുരമായ കുട്ടികൾ പഠിപ്പ് പഠിച്ചു കൊണ്ടിരിക്കുന്നു. ഈ പഠിപ്പ് തന്നെ പുതിയ ലോകത്തേക്കു വേണ്ടിയുള്ളതാണ്, ഞങ്ങൾ പുതിയ ലോകത്തേക്കു വേണ്ടി പഠി ക്കുന്നു എന്ന് മറ്റാർക്കും തന്നെ പറയുവാൻ സാധിക്കില്ല. എത്രയും നല്ല രീതിയിൽ പഠിക്കുന്നുവോ അത്രയും 21 ജന്മത്തേക്കുള്ള പ്രാപ്തി ശേഖരിക്കപ്പെടുന്നു. പരിധിയില്ലാത്ത അച്ഛനിൽ നിന്നും പരിധിയില്ലാത്ത പഠിപ്പാണ് പഠിച്ചുകൊണ്ടിരിക്കുന്നത്. ഇത് പരിധിയില്ലാത്ത വളരെ ഉയർന്ന പഠിപ്പാണ്. ബാക്കി എല്ലാ പഠിപ്പും വളരെ തുച്ഛമായ പഠിപ്പാണ്. അപ്പോൾ ഈ പരിധിയില്ലാത്ത പഠിപ്പിൽ എത്രത്തോളം പുരുഷാർത്ഥം ചെയ്യുന്നുവോ അത്രത്തോളം ഉയർന്ന പദവി പ്രാപ്തമാക്കാൻ സാധിക്കും. നിങ്ങളുടെ ബുദ്ധിയിൽ സദാ ഈ കാര്യങ്ങളുണ്ടായിരിക്കണം, നമ്മൾ പതിതപാവനൻ ഗോഡ്ഫാദറിന്റെ വിദ്യാർത്ഥിയാണ്, പുതിയ ലോകത്തേക്കു വേണ്ടി പഠിച്ചുകൊണ്ടിരിക്കുകയാണ്, അപ്പോൾ നിങ്ങൾക്ക് എത്ര നല്ല രീതിയിലുള്ള പുരുഷാർത്ഥം ചെയ്യണം, നമുക്ക് പഠിച്ച് ആദ്യം പൂന്തോട്ടക്കാരന്റെ അടുക്കലേക്ക് പോകണം, പിന്നീട് തന്റെ പഠിപ്പ് അനുസരിച്ച് പുതിയ ലോകത്തിൽ ഉയർന്ന പദവി നേടുന്നു. അത് ലൗകിക പഠിപ്പാണ്, ഇത് പാരലൗകിക പഠിപ്പും അർത്ഥം പരലോകത്തേക്കു വേണ്ടിയുള്ള പഠിപ്പ്. ഇത് പഴയ പതിത ലോകമാണ്, നിങ്ങൾക്കറിയാം നമ്മൾ നരകവാസിയിൽ നിന്നും സ്വർഗ്ഗവാസിയായിത്തീരുകയാണ്. ഈ കാര്യമെങ്കിലും ഇടയ്ക്കിടെ ഓർമ്മയുണ്ടെങ്കിൽ നിങ്ങളുടെ ബുദ്ധി സന്തോഷം കൊണ്ട് നിറയുന്നു. വിവാഹ കാര്യങ്ങൾക്കെല്ലാം പോകുമ്പോൾ പല കുട്ടികളും മറന്നു പോകുന്നു. പഠിപ്പ് ഒരിക്കലും മറക്കരുത്, ഒന്നുകൂടി സന്തോഷിക്കുകയാണ് ചെയ്യേണ്ടത്. നമ്മൾ ഭാവിയിലെ 21 ജന്മത്തേക്ക് സ്വർഗ്ഗത്തിന്റെ അധികാരിയായി മാറുന്നു. ആരാണോ നല്ല രീതിയിൽ മറ്റുള്ളവരെ തനിക്കു സമാനമാക്കി മാറ്റുന്നത് അവരാണ് ഉയർന്ന പദവി നേടുന്നത്. ഈ രഹസ്യങ്ങളൊന്നും മറ്റാരുടെയും ബുദ്ധിയിലിരിക്കില്ല. സേവനം ചെയ്യാനും വിവേകം ആവശ്യമാണ്. വ്യത്യസ്ത വിഭാഗങ്ങളുണ്ട്. സ്ലൈഡുകളുണ്ടാക്കുന്നവരോട് ബാബ പറയാറുണ്ട്, ഏതൊരു പ്രൊജക്ടറിലും ഉപയോഗിക്കാൻ സാധിക്കുന്ന വിധത്തിൽ ഒരേ വലുപ്പത്തിൽ സ്ലൈഡുകളുണ്ടാക്കണം. പരമപിതാ പരമാത്മാവുമായി എന്ത് സംബന്ധമാണുള്ളത് എന്നതിന്റെ സ്ലൈഡാണ് ആദ്യം ഉണ്ടാക്കേണ്ടത്. അതിലൂടെ പരമപിതാ പരമാത്മാവ് നമ്മുടെ അച്ഛനാണെന്ന് എല്ലാവരും മനസ്സിലാക്കണം. അവരിൽ നിന്നും എന്ത് സമ്പത്താണ് ലഭിക്കുന്നത്? പിന്നീട് ഇതും കാണിക്കണം, ത്രിമൂർത്തി ബ്രഹ്മാവിലൂടെയാണ് നമുക്ക് സൂര്യവംശി പദവി ലഭിക്കുന്നത്. നിങ്ങളും പുതിയ ലോകത്തേക്ക് വേണ്ടിയുള്ള പുരുഷാർത്ഥം ചെയ്യുകയാണ്. ഇപ്പോൾ നിങ്ങൾ സംഗമത്തിലാണ്, പാവന ലോകം സ്ഥാപിക്കുകയാണ്. നിങ്ങളുടെ ബുദ്ധിയിൽ ഇപ്പോൾ സ്മൃതിയുണർന്നു കഴിഞ്ഞു. നമ്മൾ 5000 വർഷങ്ങൾ മുമ്പ് ദേവീദേവതകളായിരുന്നു. പിന്നീട് രാജ്യം നഷ്ടപ്പെടുത്തി. ബാക്കി മറ്റുള്ളവർ രാജ്യം കൈയ്യടക്കുന്നതെല്ലാം തന്നെ പരിധിയുള്ള കാര്യങ്ങളാണ്. നിങ്ങളുടെത് പരിധിയില്ലാത്ത യുദ്ധമാണ്. ശ്രീമത്തനുസരിച്ച് നിങ്ങൾ പഞ്ച വികാരങ്ങളാകുന്ന രാവണനുമായാണ് യുദ്ധം ചെയ്യുന്നത്. നിങ്ങൾക്കറിയാം ഡ്രാമയിൽ ജയ-പരാജയത്തിന്റെ പാർട്ടാണുള്ളത്. ഓരോ 5000 വർഷത്തിനു ശേഷവും ഡ്രാമയുടെ ചക്രം കറങ്ങുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ശ്രീമത്തനുസരിച്ച് മുന്നേറണം. ആർക്ക് എന്ത് നിർദ്ദേശമാണോ ലഭിക്കുന്നത് അതനുസരിച്ച്. കുട്ടികൾ പറയുന്നു, ഞങ്ങൾ മനസ്സിലാക്കുന്നുണ്ട്, എന്നാൽ ആർക്കും മനസ്സിലാക്കി കൊടുക്കാൻ സാധിക്കുന്നില്ല. അതിനർത്ഥം നിങ്ങൾ മനസ്സിലാക്കിയിട്ടില്ല എന്നാണ്. എത്രത്തോളം സ്വയം മനസ്സിലാക്കുന്നുവോ അതിനനുസരിച്ച് പദവിയും നേടുന്നു. ബുദ്ധിയിൽ സ്വദർശന ചക്രം കറങ്ങിക്കൊണ്ടിരിക്കണം. നിങ്ങളാണ് സ്വദർശന ചക്രധാരിയാകുന്നത്. മറ്റുള്ളവരെ തനിക്കു സമാനമാക്കുന്നില്ലെങ്കിൽ സേവാധാരിയല്ല. അതുകൊണ്ട് പൂർണ്ണമായ പുരുഷാർത്ഥം ചെയ്യണം. മറ്റുള്ളവരെയും പഠിപ്പിക്കണം. ബ്രാഹ്മണിമാർക്ക് ഓരോരുത്തരിലും പ്രയത്നിക്കണം. ടീച്ചർമാർ വളരെ നന്നായി പ്രയത്നിച്ചാൽ മാത്രമേ സമ്മാനം ലഭിക്കൂ. നിങ്ങൾക്ക് വളരെ വലിയ ഗവൺമെന്റിൽ നിന്നുമുള്ള സമ്മാനമാണ് ലഭി

ക്കുന്നത്. സേവനത്തിന്റെ തെളിവ് നൽകണം. ഒരിക്കലും തെറ്റ് ചെയ്യരുത്. ഇവിടെ ഒരു ക്ലാസ്സിൽ തന്നെ പല പ്രകാരത്തിലുമുള്ള പഠിപ്പാണുണ്ടാകുന്നത്. നിങ്ങൾക്കറിയാം നമ്മൾ ഭാവിയിൽ ദേവീദേവതകളാകുന്നു. തീർച്ചയായും വിനാശവും സംഭവിക്കണം. കല്പം മുമ്പ് സ്വർഗ്ഗത്തിൽ കെട്ടിടങ്ങൾ ഉണ്ടാക്കിയതു പോലെ വീണ്ടും ഉണ്ടാക്കുന്നു. അതിനായി ഡ്രാമ സഹായിക്കുന്നു. സ്വർഗ്ഗത്തിൽ വലിയ-വലിയ കൊട്ടാരങ്ങളും വലിയ-വലിയ സിംഹാസനങ്ങളും ഉണ്ടാകുന്നു. ഇവിടെ ഇത്രയും വലിയ സ്വർണ്ണത്തിന്റെയും വെള്ളിയുടെയും കൊട്ടാരങ്ങളൊന്നുമുണ്ടാകില്ല. അവിടെ വജ്ര-വൈഢൂര്യങ്ങളെല്ലാം തന്നെ കല്ലുകൾ പോലെയായിരിക്കും. ഭക്തിമാർഗ്ഗത്തിൽ തന്നെ ഇത്രയും രത്ന-വൈഢൂര്യങ്ങളുണ്ടെങ്കിൽ പിന്നെ സത്യ-ത്രേതായുഗത്തിൽ എന്തുകൊണ്ടുണ്ടായിരിക്കില്ല. ഇവിടെയുള്ള ധനവാന്മാർ രാധയുടെയും ലക്ഷ്മി-നാരായണന്റെയും വിഗ്രഹത്തെ അലങ്കരിക്കുന്നുണ്ടാകും, സ്വർണ്ണാഭരണങ്ങൾ അണിയിക്കുന്നുണ്ടാകും. ബ്രഹ്മാ ബാബയ്ക്ക് ഓർമ്മയുണ്ടായിരുന്നു - ഒരു സേഠ് ഉണ്ടായിരുന്നു അദ്ദേഹം പറഞ്ഞിരുന്നു, ലക്ഷ്മി-നാരായണന്റെ ക്ഷേത്രം പണിയണം, അതിനായി പുതിയ ആഭരണങ്ങൾ ഉണ്ടാക്കണം. ആ സമയത്താണെങ്കിൽ ആഭരണങ്ങൾക്ക് വളരെ വില കുറവായിരുന്നു. അപ്പോൾ സത്യയുഗത്തിൽ എന്തായിരിക്കും? ഭക്തിമാർഗ്ഗത്തിൽ വളരെയധികം സമൃദ്ധമായിരുന്നു, എന്നാൽ എല്ലാം തന്നെ കൊള്ളയടിക്കപ്പെട്ടു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് സർവ്വതും അറിഞ്ഞു കഴിഞ്ഞു. ഈ പഠിപ്പ് വളരെ ഉയർന്നതാണ്. ചെറിയ-ചെറിയ കുട്ടികൾക്കും ഇത് പഠിപ്പിച്ചു കൊടുക്കണം. രാജവിദ്യയോടൊപ്പം ഈ വിദ്യയും കൊടുക്കണം. ശിവബാബയുടെ സ്മൃതിയുണർത്തി കൊടുക്കണം. ചിത്രങ്ങൾ വെച്ച് മനസ്സിലാക്കി കൊടുക്കണം. കുട്ടികളുടെയും മംഗളം ചെയ്യണം. ശിവബാബ സ്വർഗ്ഗത്തിന്റെ രചയിതാവാണ്. നിങ്ങൾ ശിവബാബയെ ഓർമ്മിക്കുകയാണെങ്കിൽ സ്വർഗ്ഗത്തിന്റെ അധികാരിയാകുന്നു. അവിനാശി ജ്ഞാനത്തിന്റെ വിനാശം ഉണ്ടാകുകയില്ല. കുറച്ചെങ്കിലും കേൾപ്പിക്കുന്നതിലൂടെ രാജധാനിയിലേക്ക് വരുന്നു. സത്യയുഗത്തിൽ ലക്ഷ്മി-നാരായണന്റെ രാജ്യമായിരുന്നു. അവർ പിന്നീട് എങ്ങോട്ടു പോയി? നിങ്ങളെയും ആ സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റാനായി ഞങ്ങൾ മനസ്സിലാക്കിത്തരാം. പഠിപ്പിക്കുന്നതിലൂടെ പഠിക്കാം, പ്രയത്നിക്കണം. വ്യർത്ഥമായ കാര്യങ്ങളിൽ സമയത്തെ പാഴാക്കരുത്. തെറ്റ് ചെയ്യുന്നതിലൂടെ വളരെയധികം പശ്ചാത്തപിക്കും. അച്ഛൻ ധനം സമ്പാദിച്ച് കുട്ടികൾക്ക് നൽകി പോകുന്നു. ഇപ്പോഴാണെങ്കിൽ എല്ലാവരുടെയും വിനാശം സംഭവിക്കാൻ പോകുന്നു. ഇപ്പോഴും എത്ര യുദ്ധങ്ങളും പ്രശ്നങ്ങളും മരണങ്ങളുമാണുണ്ടാകുന്നത്. വാസ്തവത്തിൽ ഇതൊന്നും ഒന്നും തന്നെയല്ല. ഇനി കോടിക്കണക്കിന് ആളുകളുടെ വിനാശമാണുണ്ടാകുക. എല്ലാവരും വെന്ത് മരിച്ചു പോകുന്നു. ശ്മശാനമാകണം പിന്നെ ദേവലോകമാകും. ശ്മശാനം വളരെ വലുതാണ്, എന്നാൽ ദേവലോകം(സ്വർഗ്ഗം) ചെറുതാണ്. മുസ്ലീം സഹോദരങ്ങളും പറയുന്നു, സർവ്വതും ശ്മശാനമാകുമെന്ന്. ഈശ്വരൻ വന്ന് എല്ലാവരെയും ഉണർത്തി പിന്നീട് തിരികെ കൊണ്ടു പോകുന്നു. ഈ സമയം മരിച്ചു പോയ എല്ലാ ആത്മാക്കളും ഏതെങ്കിലുമൊക്കെ ശരീരത്തിൽ ജീവിച്ചിരിക്കുന്നുണ്ടാകും. കല്ലറയിൽ ശരീരം മാത്രമായിരിക്കും, ബാക്കി ആത്മാവ് പോയി മറ്റൊരു ശരീരമെടുക്കുന്നു. ഈ സമയം മായ എല്ലാവരെയും ശ്മശാനത്തിനു തുല്യരാക്കി മാറ്റിയിരിക്കുകയാണ്. എല്ലാവരും മരിച്ചിരിക്കുകയാണ്. എല്ലാം നശിക്കാനുള്ളതാണ്, അതുകൊണ്ട് ഒന്നിനോടും ഹൃദയത്തിന്റെ പ്രീതി വെക്കരുത്. ഹൃദയത്തിന്റെ പ്രീതി ഒരു ബാബയോടൊപ്പം മാത്രമായിരിക്കണം. അവസാനം നിങ്ങൾക്ക് എല്ലാത്തിൽ നിന്നുമുള്ള മമത്വം ഇല്ലാതാകും. ഒരു ബാബയെ ഓർമ്മിക്കണം അത്രമാത്രം. നിങ്ങൾ മനസ്സിലാക്കുന്നു നമ്മൾ ഈ പഠിപ്പ് ഭാവിയിലെ 21 ജന്മത്തേക്ക്, പതിതപാവനനായ ബാബയിലൂടെയാണ് പഠിച്ചുകൊണ്ടിരിക്കുന്നത്. പരമപിതാവായ പരമാത്മാവ് മനുഷ്യ സൃഷ്ടിയുടെ ബീജരൂപനാണ്, ചൈതന്യമാണ്. ആത്മാവും ചൈതന്യമാണ്. ആത്മാവ് ശരീരത്തിൽ പ്രവേശിക്കാത്തതു വരെയും ഈ ശരീരം ജഡം തന്നെയാണ്. ആത്മാവ് തന്നെയാണ് ചൈതന്യം. ഇപ്പോൾ ആത്മാവിന് ജ്ഞാനം ലഭിച്ചിരിക്കുകയാണ്. ഓരോ ആത്മാവിലും അവരവരുടെതായ പാർട്ട് അടങ്ങിയിട്ടുണ്ട്. ഓരോരുത്തരുടെയും ഭാഗവും വ്യത്യസ്തമാണ്. ഡ്രാമ അത്ഭുതകരമാണ്, ഇതാണ് പ്രകൃതി. ഇത്രയും ചെറിയ ആത്മാവിൽ എത്ര വലിയ പാർട്ടാണ് അടങ്ങിയിരിക്കുന്നത്. ഈ ആത്മീയ കാര്യങ്ങൾ പരമമായ ആത്മാവാണ് നിങ്ങൾക്ക് മനസ്സിലാക്കിത്തരുന്നത്. യാത്ര ചെയ്യിക്കുകയാണ്, ഇതും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. ഡ്രാമയിൽ അടങ്ങിയിട്ടുള്ളത് സാക്ഷാത്കാരം ചെയ്യിക്കുന്നു. കളി ആദ്യം മുതൽക്കു തന്നെ അനാദിയാണെങ്കിലും ഇത് അനാദിയാണെന്ന കാര്യം മനുഷ്യർക്കറിയില്ല. നിങ്ങൾക്കാണ് ഇതിനെക്കുറിച്ചെല്ലാമുള്ള കാര്യങ്ങളറിയുന്നത്. എന്തെല്ലാമാണോ സംഭവിക്കുന്നത്, ഒരു സെക്കന്റിനു ശേഷം അത് കഴിഞ്ഞുപോയതാകുന്നു. കഴിഞ്ഞു പോയതിനെ നിങ്ങൾ ഡ്രാമാ എന്നു പറയുന്നു. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട്, സത്യയുഗം മുതൽക്ക് എന്തെല്ലാം പാർട്ടുകൾ സംഭവിച്ചു. ഈ കാര്യങ്ങളൊന്നും തന്നെ ലോകത്തിലുള്ളവർക്ക് അറിയില്ല. ബാബ പറയുന്നു, എന്റെ ബുദ്ധിയിലുള്ള ജ്ഞാനം ഞാൻ നിങ്ങൾ പകരുന്നു. നിങ്ങളെയും തനിക്കു സമാനമാക്കുന്നു. മുഴുവൻ ലോകവും ഭ്രഷ്ടാചാരിയാണെന്നുള്ളത് അറിയാം. ഇപ്പോൾ ആദ്യമാദ്യം പാവനമാകണം, ആക്കി മാറ്റണം. നിങ്ങൾക്കല്ലാതെ മറ്റാർക്കും പവിത്രമാക്കുവാൻ സാധിക്കില്ല.

ഇപ്പോൾ ബാബയുടെ ശ്രീമത്തനുസരിച്ച് ദൈവീക ഗുണത്തെ ധാരണ ചെയ്യണം. വളരെ മധുരമായി സംസാരിക്കണം. കയ്പ്പേറിയ വാക്കുകളൊന്നും പ്രയോഗിക്കരുത്. എല്ലാവരിലും ദയ കാണിക്കണം. നിങ്ങൾക്ക് എല്ലാവർക്കും മനസ്സിലാക്കി കൊടുക്കാൻ സാധിക്കും, ഭഗവാനുവാചയാണ് മന്മനാഭവ. ഭഗവാൻ ആരാണെന്നും എപ്പോൾ ഗീത കേൾപ്പിച്ചു എന്നും ആർക്കും അറിയില്ല. നിങ്ങളിപ്പോൾ മനസ്സിലാക്കുന്നു ഭഗവാനുവാച അശരീരി ഭവ. ദേഹത്തിന്റെ എല്ലാ ധർമ്മങ്ങളും, ഞാൻ മുസ്ലീമാണ്, പാർസിയാണ്, എന്നീ ചിന്തകളെല്ലാം തന്നെ ഉപേക്ഷിക്കണം. ഇതാരാണ് നിങ്ങളോട് പറയുന്നത്. ആത്മാക്കളെല്ലാവരും പരസ്പരം സഹോദരന്മാരാണ്. ഒരച്ഛന്റെ മക്കളാണ്. നിങ്ങൾ ആത്മാക്കൾ തന്റെ സഹോദരങ്ങൾക്ക് മനസ്സിലാക്കി കൊടുക്കണം, ബാബ പറയുന്നു, എന്നെ മാത്രം ഓർമ്മിക്കൂ, എന്നാൽ മുക്തിധാമത്തിലേക്ക് എത്തിച്ചേരുന്നു. എല്ലാവരും നിർവ്വാണധാമം പോകേണ്ടവരാണ്. രണ്ട് വാക്കുകളെങ്കിലും ഓർമ്മിച്ച് മനസ്സിലാക്കി കൊടുക്കണം. ഭഗവാൻ എല്ലാവർക്കും ഒന്നാണ്. ഒരിക്കലും കൃഷ്ണനാകാൻ സാധിക്കില്ല. ഇപ്പോൾ ബാബ പറയുന്നു, ദേഹത്തിന്റെ സർവ്വധർമ്മങ്ങളും ത്യാഗം ചെയ്ത്, എന്നെ മാത്രം ഓർമ്മിക്കണം. ആത്മാവ് പ്രകൃതിയുടെ(ശരീരം) ആധാരമെടുത്ത് ഇവിടെ പാർട്ട് അഭിനയിക്കുന്നു. ക്രിസ്തുവിനെക്കുറിച്ച്  പറയുന്നു, അദ്ദേഹം ഇപ്പോൾ യാചകനാണെന്ന്. എല്ലാവരുടെയും ശരീരമാകുന്ന ചെരുപ്പ് പഴയതാണ്. ക്രിസ്തുവും തീർച്ചയായും പുനർജന്മം എടുത്തിട്ടുണ്ടാവും. ഇപ്പോൾ തന്റെ അവസാനത്തെ ജന്മത്തിലായിരിക്കും. ഇങ്ങനെയുള്ള സന്ദേശവാഹകരെപ്പോലും ഉണർത്തുന്നത് ബാബയാണ്. പതിതരെ പാവനമാക്കുന്നത് ഒരു ബാബയാണ്. എല്ലാവർക്കും പുനർജന്മങ്ങളെടുത്ത് താഴേക്ക് വരിക തന്നെ വേണം. ഇപ്പോൾ കലിയുഗത്തിന്റെ അന്ത്യമാണ്, ഇനി മുന്നോട്ട് പോകവേ എല്ലാവരും ഇതും അംഗീകരിക്കും. ഭഗവാൻ വന്നു കഴിഞ്ഞു എന്ന ശബ്ദം ഉയരും. മഹാഭാരത യുദ്ധത്തിൽ ഭഗവാന്റെ പേരുണ്ടല്ലോ. എന്നാൽ പേരു മാറ്റി എഴുതി. സ്ഥാപനയും വിനാശവും ഇത് ഭഗവാന്റെ തന്നെ കടമയാണ്. ബാബ തന്നെ വന്ന് സ്വർഗ്ഗത്തിന്റെ വാതിൽ തുറക്കുന്നു. നിങ്ങൾ വിളിക്കുന്നു, അല്ലയോ ബാബാ വരൂ, വന്ന് സ്വർഗ്ഗത്തിന്റെ വാതിൽ തുറക്കൂ. നിങ്ങളിലൂടെയാണ് ബാബ വന്ന് വാതിൽ തുറക്കുന്നത്. നിങ്ങളുടെ പേരാണ് പ്രശസ്തം – ശിവശക്തിസൈന്യം. നിങ്ങളെ പാണ്ഡവരെന്നു പറയാൻ കാരണം, നിങ്ങൾ ആത്മീയ വഴികാട്ടികളാണ് എല്ലാവർക്കും സ്വർഗ്ഗത്തിലേക്കുള്ള വഴി കാണിച്ചുകൊടുക്കുന്നു. ബാബ സർവ്വശാസ്ത്രങ്ങളുടെയും സാരമാണ് കേൾപ്പിക്കുന്നത്. ആരാണോ കല്പം മുമ്പ് മനസ്സിലാക്കിയത് അവർക്കേ ഇതെല്ലാം മനസ്സിലാക്കാൻ സാധിക്കൂ. നമ്മൾ ആത്മാക്കൾ വഴികാട്ടികളാണ്, എല്ലാവരെയും ശാന്തിധാമത്തിലേക്ക് കൂട്ടിക്കൊണ്ടു പോകും, പിന്നീട് സുഖധാമത്തിലേക്ക് വരണം. ദുഖധാമത്തിന്റെ വിനാശം സംഭവിക്കണം, അതിനാണ് ഈ മഹാഭാരതയുദ്ധം. നിങ്ങളുടെ ബുദ്ധിയിൽ മുഴുവനും കാര്യങ്ങൾ വിശദമായിത്തന്നെയുണ്ട്. മന്മനാഭവ, മദ്ധ്യാജീഭവ ഇതിൽ തന്നെ മുഴുവൻ ജ്ഞാനവും വരുന്നു. ബാബ ജ്ഞാനസാഗരനായതു പോലെ നിങ്ങൾ കുട്ടികളും ജ്ഞാനസാഗരനാകുന്നു. കേവലം ദിവ്യദൃഷ്ടിയുടെ ചാവി ഞാൻ എന്റെ പക്കൽ വെക്കുന്നു. ഇതിനു പകരമായി ഞാൻ നിങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നു. ഞാൻ ആയിത്തീരുന്നില്ല. ഇതാണ് വ്യത്യാസം. ദിവ്യദൃഷ്ടിയുടെ പാർട്ടും നിങ്ങൾക്കാണ് ഉപയോഗപ്പെടുന്നത്. ഭാവനയ്ക്കുള്ള അല്പ ഫലം നൽകുന്നു. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട്, ജഗദംബയുടെ മേള നോക്കൂ ധാരാളം നടക്കുന്നുണ്ട്. ലക്ഷ്മിക്ക് ഇത്ര മേളയുണ്ടാകുന്നില്ല. ലക്ഷ്മിയുടെ ചിത്രത്തെ അലമാറയിൽ വെക്കുന്നു, ഇവരിലൂടെ ധനം ലഭിക്കുമെന്നു മനസ്സിലാക്കുന്നു. ഭക്തിമാർഗ്ഗത്തിൽ ലഭിക്കുന്നത് തുച്ഛമാണ് ജ്ഞാനത്തിൽ നിങ്ങൾക്ക് വജ്രങ്ങൾ ലഭിക്കുന്നു. ലക്ഷ്മിയോട് കേവലം ധനം മാത്രമാണ് യാചിക്കുന്നത്. അവരുടെ പക്കൽ പോയി ഒരിക്കലും കുട്ടി വേണം, ആരോഗ്യം വേണമെന്ന് പറയില്ല. എന്നാൽ ജഗദംബയുടെ മുന്നിൽ പോയി എല്ലാ ആശകളും വെക്കുന്നു.

ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായി നമ്മൾ പൂജ്യരായിരുന്നു, ഇപ്പോൾ പൂജാരിയാണ്, ഇനി വീണ്ടും പൂജ്യരാകുന്നു. ജ്ഞാനത്തിലൂടെ കുട്ടികൾക്ക് പ്രകാശം ലഭിച്ചുകഴിഞ്ഞു. നിങ്ങളിപ്പോൾ എത്ര വേറിട്ടവരായി മാറിക്കഴിഞ്ഞു. ജ്ഞാനാഞ്ജനം സദ്ഗുരു നൽകി..... നിങ്ങൾ ഡ്രാമയുടെ ആദി മദ്ധ്യ അന്ത്യത്തെക്കുറിച്ച് അറിഞ്ഞുകഴിഞ്ഞു. നിങ്ങളുടെ ബുദ്ധിയിലേക്ക് ഇതെല്ലാം വന്നുകഴിഞ്ഞു എങ്കിൽ നിങ്ങൾക്ക് ഈ പഠിപ്പിനോട് എത്ര ശ്രദ്ധയുണ്ടായിരിക്കണം. മറ്റേ പഠിപ്പ് നിങ്ങൾ ജന്മജന്മാന്തരം പഠിച്ചു വന്നു, എന്നിട്ട് എന്താണ് ലഭിച്ചത്? കടല. ഈ പഠിപ്പ് ഈയൊരു ജന്മം പഠിക്കുന്നതിലൂടെ നിങ്ങൾക്ക് വജ്ര–വൈഢൂര്യങ്ങളാണ് ലഭിക്കുന്നത്. ഇപ്പോൾ പുരുഷാർത്ഥം ചെയ്യുക എന്നത് നിങ്ങളുടെ കടമയാണ്. പഠിച്ചില്ലെങ്കിൽ ടീച്ചർക്ക് എന്തു ചെയ്യാൻ സാധിക്കും. ഇവിടെ കൃപയുടെ കാര്യം തന്നെയില്ല. സംഗമത്തിലാണ് ദേവതകളുടെ മുഴുവൻ രാജധാനിയും സ്ഥാപിക്കുന്നത്. യോഗബലത്തിലൂടെ നിങ്ങൾ തന്റെ വികർമ്മത്തെ നശിപ്പിക്കുന്നു, ജ്ഞാനബലത്തിലൂടെ നിങ്ങൾ എത്ര ഉയർന്നതായാണ് മാറുന്നത്. ജ്ഞാനസാഗരനിലും ജ്ഞാനനദിയിലും സ്നാനം ചെയ്യുന്നതിലൂടെ സദ്ഗതിയുണ്ടാകുന്നു. കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കാനുള്ള യുക്തികളാണ് പറഞ്ഞു തരുന്നത്. ഡ്രാമ അനുസരിച്ച് എന്താണോ കല്പം മുമ്പ് മനസ്സിലാക്കിത്തന്നത്, അതാണ്

ഇപ്പോഴും മനസ്സിലാക്കിത്തരുന്നത്. കുട്ടികളും നമ്പർക്രമത്തിൽ ഇങ്ങോട്ട് വന്നുകൊണ്ടിരിക്കുന്നു. ബ്രാഹ്മണകുലത്തിന്റെ വൃദ്ധി ഉണ്ടായിക്കൊണ്ടിരിക്കുന്നു. നിങ്ങൾ കുട്ടികൾക്ക് മഹാദാനിയായി മാറണം. ആരെങ്കിലും വരുമ്പോൾ അവർക്ക് എന്തെങ്കിലുമൊക്കെ മനസ്സിലാക്കി കൊടുത്തുകൊണ്ടിരിക്കൂ. ശംഖധ്വനി മുഴക്കണം. ഇവിടെ എത്രത്തോളം നിങ്ങൾക്ക് ധാരണ ചെയ്യാൻ സാധിക്കുന്നുവോ അത്രത്തോളം വീട്ടിലിരുന്നാൽ സാധിക്കില്ല. ശാസ്ത്രങ്ങളിലും മധുബനെക്കുറിച്ച് പാടിയിട്ടുണ്ട്, അവിടെ മുരളി വായിക്കുന്നു എന്ന്. ശരി.

വളരെക്കാലത്തെ വേർപാടിന് ശേഷം തിരികെ കിട്ടിയ മധുരമധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യമായ സാരം -

1. പഠിപ്പിൽ വളരെയധികം ശ്രദ്ധിക്കണം. ബാബയോട് കൃപയൊന്നും യാചിക്കരുത്. ജ്ഞാനബലവും യോഗബലവും ശേഖരിക്കണം.

2. ദയാമനസ്കരായിത്തീരണം. വായിലൂടെ കടുത്ത വാക്കുകൾ വീഴരുത്. സദാ മധുരമായി സംസാരിക്കണം. തനിക്കു സമാനമാക്കി മാറ്റുന്ന സേവനം തീർച്ചയായും ചെയ്യണം.

## വരദാനം - വികാരങ്ങളാകുന്ന സർപ്പങ്ങളെ കഴുത്തിലെ മാലയാക്കുന്ന സത്യമായ തപസ്വിയായി ഭവിക്കട്ടെ

ഈ പഞ്ചവികാരങ്ങൾ ആളുകൾക്ക് ഉഗ്രസർപ്പങ്ങളാണ്, എന്നാൽ താങ്കൾ യോഗീ തപസ്വി ആത്മാക്കൾക്ക് ഈ സർപ്പം കഴുത്തിലെ മാലയാകുന്നു. അതിനാൽ താങ്കൾ ബ്രാഹ്മണരുടെയും ബ്രഹ്മാബാബയുടെയും അശരീരി തപസ്വി ശങ്കര സ്വരൂപത്തിന്റെ ഓർമചിഹ്നത്തിൽ സർപ്പങ്ങളുടെ മാല കഴുത്തിൽ കാണിക്കുന്നു. സർപ്പം താങ്കൾക്ക് ആനന്ദത്തിൽ നൃത്തം ചെയ്യാൻ സ്റ്റേജായി മാറുന്നു, ഇത് അധീനമായതിന്റെ അടയാളം കാണിക്കുകയാണ്. സ്ഥിതി തന്നെയാണ് സ്റ്റേജ്. എപ്പോൾ വികാരങ്ങൾക്കു മേൽ ഇത്രയും വിജയമുണ്ടാകുന്നുവോ അപ്പോൾ പറയും സത്യമായ തപസ്വി.

## സ്ലോഗൻ - പഴയ ലോകത്തു നിന്ന് അഥവാ സംസ്കാരങ്ങളിൽ നിന്ന് മരിക്കുക തന്നെയാണ് ജീവിച്ചിരിക്കെ മരിക്കുക